(ഇ) ഈ ഫയലുകളുടെ കസ്റ്റോഡിയൻമാർ ആരാണ്; ഈ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) അഴിമതി സംബന്ധിച്ച ഫയലുകൾ കാണാതാകുന്ന പ്രവണത തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി)

(എ) ഉണ്ട്. 201 പേർക്കെതിരെ

(ബി) ഇല്ല.

(സി),(ഡി)&(ഇ) ബാധകമല്ല.

(എഫ്) ഫയലുകൾ കാണാതായിട്ടില്ലാത്തതിനാൽ പ്രത്യേക നടപടി ആവശ്യമില്ല.

**23 (*279) സർക്കാർ സ്ഥലം ദുരുപയോഗം ചെയ്യുന്നത് തടയാൻ സംവിധാനം**

ശ്രീ. പാലോട് രവി :

ശ്രീ. ബി. വിജയകുമാർ :

ഡോ. എം.എ. കുട്ടപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും പൊതു ആവശ്യത്തിന് സർക്കാർ സ്ഥലം പതിച്ചു നൽകുമ്പോൾ അത് അനുവദിക്കപ്പെട്ട ആവശ്യത്തിന് തന്നെയാണ് ഉപയോഗിക്കുന്നതെന്ന് പരിശോധിക്കാൻ സംവിധാനമെന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ദുരുപയോഗം നടത്തുന്നതായി കണ്ടെത്തിയാൽ അവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം പട്ടണത്തിനുള്ളിൽ പൊതുആവശ്യത്തിന് സ്മാരകം നിർമ്മിക്കുന്നതിന് പതിച്ചുനൽകിയ സ്ഥലം ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരള പിറവിക്കുശേഷം സ്മാരകങ്ങൾ നിർമ്മിക്കാനും പഠന ഗവേഷണങ്ങൾക്കുമായി ട്രസ്റ്റിന്റെ പേരിൽ പതിച്ചുകൊടുത്ത സ്ഥലം ട്രസ്റ്റിനെ ഒഴിവാക്കിക്കൊണ്ട് മറ്റു ഉദ്ദേശത്തിന് വേണ്ടി ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ക്രമക്കേടുകൾ കണ്ടാൽ നടപടി എടുക്കുന്നതിനും തയ്യാറാകുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ)

(എ) ഉണ്ട്.

(ബി) ഭൂമിയുടെ ദുരുപയോഗം കണ്ടെത്തിയാൽ ഭൂമി പതിവ് നിയമ പ്രകാരം പതിവ് റദ്ദ് ചെയ്യുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഭൂമി പതിവിന്റെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനും ക്രമക്കേടുകൾ കണ്ടാൽ കർശന നടപടി എടുക്കുവാനും വേണ്ട നിർദ്ദേശങ്ങൾ റവന്യൂ അധികാരികൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly